## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: ശ്രീമതി പി. മേരിക്കുട്ടി IAS)**

വിഷയം- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കോട്ടയം ജില്ല - പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ.സുനിൽ.പി.ആറിനെ സേവനത്തിലേക്ക് പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം- 1. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23/09/2017ലെ ഉത്തരവ്

2. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31/01/2018ലെ എവിഎസ് - 11639/2017 നമ്പർ കത്ത്

3. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/12/2017ലെ 2(1) നമ്പർ തീരുമാനം

### ഉത്തരവ് നമ്പർ: ഡി5-36430/2017 തീയതി 06/03/2018

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.സുനിൽ.പി.ആർ., ഓഫീസ് അറ്റൻഡന്റ് ശ്രീ.കെ.കെ.രമേശൻ എന്നിവർ 23.09.2017 ശനിയാഴ്ച ഉച്ചയ്ക്ക് 02.30 ഓഫീസിൽ വച്ച് മദ്യപിക്കുന്നതായി സംശയത്തെതുടർന്ന് ചിങ്ങവനം പോലീസ് എത്തി ടി ജീവനക്കാരെ കസ്റ്റഡിയിൽ എടുക്കുകയും, ടി ജീവനക്കാർ മദ്യപിക്കുന്നതിന് ഉപയോഗിച്ചെന്നു കരുതുന്ന മദ്യക്കുപ്പിയും ഗ്ലാസ്സുകളും സ്ഥലത്ത് മേശപ്പുറത്ത് കാണുകയാൽ ബന്തവസ്സിലെടുക്കുകയും, ടി ജീവനക്കാരെ അറസ്റ്റ് രേഖപ്പെടുത്തി കൊണ്ടുപോകുകയും, തുടർന്ന് മെഡിക്കൽ പരിശോധനക്ക് വിധേയമാക്കുകയും, ക്രൈം നമ്പർ 2018/17 ആയി കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടിരുന്നു. ആയതിനെ തുടർന്ന് പരാമർശം (1) പ്രകാരം ടിയാളുകളെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും 27.09.2017ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി VIII(1)-ാം നമ്പർ തീരുമാനമായി പ്രസിഡന്റിന്റെ സസ്പെൻഷൻ നടപടി അംഗീകരിക്കുകയും, ചെയ്തിട്ടുണ്ട്.

തുടർന്ന് 23.11.2017 തീയതിയിലെ എ4-549/17 തീയതിയിലെ പ്രസിഡന്റിന്റെ നടപടിക്രമപ്രകാരം കുറ്റാരോപണ മെമ്മോ നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, (1997ലെ പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) 4, 5 ചട്ടങ്ങൾ പ്രകാരം) സെക്രട്ടറി 23.11.2017 തീയതിയിൽ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ സ്റ്റേറ്റ്മെന്റ് എന്നിവ ടി ജീവനക്കാർക്ക് രേഖാമൂലം നൽകുകയും ചെയ്തിട്ടുളളതാണ്. ടി കുറ്റാരോപണങ്ങൾ നിഷേധിച്ചുകൊണ്ട് ടി ജീവനക്കാർ 07.12.2017 തീയതിയിൽ കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി സമർപ്പിച്ചിട്ടുളളതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

23.12.2017ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ജീവനക്കാർ കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടി ചർച്ച ചെയ്യുകയും, കുറ്റം ടി ജീവനക്കാർ നിഷേധിച്ചത് തെറ്റാണെന്നും ടി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി തുടരുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു.

മേൽ വിഷയങ്ങൾ വിശദമായി പരിശോധിച്ചു. ഓഫീസ് അറ്റൻഡന്റ് ശ്രീ.കെ.കെ .രമേശനെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഭരണസമിതി തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ സേവനത്തിലേക്ക് 19/01/2018ൽ തിരികെ പ്രവേശിപ്പിച്ചിരുന്നു. എന്നാൽ ശ്രീ.സുനിൽ.പി.ആർ 23/09/2017 മുതൽ സസ്പെൻഷനിൽ തുടരുകയാണ്. ഈ സാഹചര്യത്തിൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് മുൻഅക്കൗണ്ടന്റ് ശ്രീ.സുനിൽ.പി.ആറിനെ ടിയാനെതിരെയുള്ള അച്ചടക്ക നടപടികന് വിധേയമായി സർവ്വീസിലേക്ക് പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

അക്കൗണ്ടന്റ് ശ്രീ.സുനിൽ.പി.ആർ.നെതിരെ ഈ ഓഫീസിൽ നിന്നും, ഓഫീസ് അറ്റൻഡന്റ് ശ്രീ.കെ.കെ.രമേശനെതിരെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും അച്ചടക്കനടപടികൾ സ്വീകരിക്കുമെന്നതിനാൽ ടിയാളുകൾക്കെതിരെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകേണ്ടതാണ്.

ശ്രീ.സുനിൽ.പി.ആറിന്റെ നിയമന ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)
പി. മേരിക്കുട്ടി IAS
പഞ്ചായത്ത് ഡയറക്ടർ

ഡി5

ശ്രീ.സുനിൽ.പി.ആർ
മുൻ അക്കൗണ്ടന്റ്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്
കോട്ടയം
(കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. പ്രസിഡന്റ്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്
3. സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്
4. സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ (ഡയറക്ട്രേറ്റ്) - (ടിയാന് നിയമന ഉത്തരവ് നൽകുന്നതിലേയ്ക്കായി
5. സിസ്റ്റം മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ / അധികം

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**